Utilisation of receipts in Colonies and Bhajana Mutts.

113. മിസ്റ്റർ കെ. പി. വള്ളോൻ.—അധഃകൃത കോളനികളിലും ഭജനമഠങ്ങളിലും മറ്റും ഉണ്ടാകുന്ന ആദായങ്ങൾ ആരെടുത്തുവരുന്നു?

രാമവമ്മതമ്പുരാൻ.—അധഃകൃത കോളനികളിലെ ആദായങ്ങൾ സർക്കാരിലേക്കു മുതൽകൂട്ടുന്നു. ഭജനമഠത്തിലെ ആദായം അതാതു സ്ഥലത്തെ അധഃകൃതർ തന്നെ എടുക്കുന്നു.

Prohibition of entry of Depressed Classes in Puduval lands allotted to them.

114. മിസ്റ്റർ കെ. പി. വള്ളോൻ.—നായരമ്പലം നിവാസികളായ അധഃകൃതർക്ക് സംരക്ഷകൻ കയറു കെട്ടി തിരിച്ചിട്ടുള്ള പുതുവൽസ്ഥലത്തു അധഃകൃതർ വേല ചെയ്യുന്നു സ്ഥലം നന്നായശേഷം പ്രവേശിച്ചുകൂടായെന്നു വിലക്കുവാനുള്ള കാരണമെന്തു; വിലക്കിയിട്ടുണ്ടെങ്കിൽ അധഃകൃതരുടെ നഷ്ടം ആരു കൊടുക്കും?

രാമവമ്മതമ്പുരാൻ.—നായരമ്പലത്തെ പൊതുവൽസ്ഥലം അധഃകൃതസംരക്ഷകൻ തിരിച്ചു കൊടുക്കുകയൊ പ്രവേശിക്കരുതെന്നു വിലക്കുകയൊ ഉണ്ടായിട്ടില്ല.

മിസ്റ്റർ പോൾ മാമ്പിള്ളി.— ഇപ്പോൾ ആക്കെങ്കിലും തിരിച്ചുകൊടുത്തിട്ടുണ്ടൊ?

രാമവമ്മതമ്പുരാൻ.—വേറെ വല്ല ഡിപ്പാർട്ടുമെണ്ടിൽ നിന്നും തിരിച്ചു കൊടുത്തിട്ടുണ്ടൊ എന്നു അന്വേഷിച്ചു പറയാം.

മിസ്റ്റർ പോൾ മാമ്പിള്ളി.—അധഃകൃതർ ആ സ്ഥലത്തു എന്തെങ്കിലും ചെയ്തിട്ടുണ്ടൊ?

രാമവമ്മതമ്പുരാൻ.—നോട്ടീസു വേണം.

മിസ്റ്റർ പി. കുമാരനേഴത്തുൻ.—റെവന്യൂഡിപ്പാർട്ടുമെണ്ടിൽ നിന്നും വല്ലതും പതിച്ചുകൊടുത്തിട്ടുണ്ടൊ?

രാമവമ്മതമ്പുരാൻ.—നോട്ടീസു വേണം.

മിസ്റ്റർ കെ. അയ്യപ്പൻ.—റെവന്യൂ ഡിപ്പാർട്ടുമെണ്ടിൽ നിന്നും വല്ല ആക്ഷനും എടുത്തിട്ടുണ്ടൊ?

മിസ്റ്റർ കെ. അച്യുതമേനോൻ.— രണ്ടു മൂന്നാളുകളുടെ പേരിൽ ആ പ്രദേശങ്ങളിൽ എടുത്തിട്ടുണ്ടു്.

മിസ്റ്റർ കെ. അയ്യപ്പൻ.—അവർ അധഃകൃതരാണൊ?

മിസ്റ്റർ കെ. അച്യുതമേനോൻ.—അധഃകൃതരാണു്.

മിസ്റ്റർ കെ. പി. വള്ളോൻ.—അവർ അധഃകൃതസംരക്ഷകന്റെ അനുമതി കൂടാതെയാണൊ പ്രവേശിച്ചിട്ടുള്ളതു്?

മിസ്റ്റർ കെ. അച്യുതമേനോൻ.—സംരക്ഷകൻ അനുവദിച്ചിട്ടുണ്ടൊ ഇല്ലയൊ എന്നറിയുവാൻ പാടില്ല. റെവന്യൂ ഡിപ്പാർട്ടുമെണ്ടിൽ നിന്നാണു് തിരിച്ചുകൊടുക്കേണ്ടതു്.

LIBRARY ARCHIVES Kerala Legislative Assembly